മണൽവാരൽ സംബന്ധിച്ച് കേസ്

87 (798) ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. സി. മൊയീൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പുല്ലഞ്ചേരി യിൽ മണൽ വാരുന്നതിനെതിരെ പോലീസ് സ്ത്രീ തൊഴിലാളികൾക്കെതിരെ കേസെടുത്തിട്ടുണ്ടോ; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) ആരുടെയെങ്കിലും പരാതിയുടെ അടിസ്ഥാനത്തിലാണോ നടപ ടിയെടുത്തത്; എങ്കിൽ ആരുടെ പരാതി;

(സി) ഏതെല്ലാം വകുപ്പനുസരിച്ചാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്;

(ഡി) പ്രസ്തുത സ്ഥലം മണൽ വാരുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുള്ള സ്ഥലങ്ങളിൽ ഉൾപ്പെടുമോ;

(ഇ) ഇതേ സ്ഥലത്തുനിന്നും മണൽവാരാൻ മറ്റാർക്കെങ്കിലും പോലീസ് സംരക്ഷണം നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കുവേണ്ടിയെന്നും എന്നാണ് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പുല്ലഞ്ചേരി പുഴക്കടവിൽ മണൽ വാരുന്നതിനോടനുബ ന്ധിച്ച് സംഘർഷാവസ്ഥ നിലനിന്നിരുന്നതിനാൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതുകൊണ്ട് 15 സ്ത്രീകളുൾപ്പെടെ 70 പേരെ അറസ്റ്റ് ചെയ്തു കേസെടുത്തിട്ടുണ്ട്.

(സി) സെക്ഷൻ 151 സി. ആർ. പി.സി. പ്രകാരം

(ഡി) ഉൾപ്പെടുന്നില്ല

(ഇ) വേറെ ആർക്കും സംരക്ഷണം നൽകിയിട്ടില്ല.

കൂട്ട ആത്മഹത്യ

88(799) ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 ലും 1999- നവംബർ വരെയും സംസ്ഥാനത്ത് എത്ര കുടും ബങ്ങൾ കൂട്ട ആത്മഹത്യ ചെയ്തു;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഇതിൽ സാമ്പത്തിക പരാധീനതമൂലം ജീവനൊടുക്കിയ കുടും ബങ്ങൾ എത്ര എണ്ണം എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1998 ൽ -31

1999 നവംബർ വരെ -16

(ബി)	1998	1999
തിരുവനന്തപുരം	3	4

LIBRARY ARCHIVES Kerala Legislative Assembly